www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper
2026
JANUARY
12
MONDAY




# യാത്രക്കാരുടെ എണ്ണം റെക്കോർഡ് നേട്ടത്തിൽ കണ്ണൂർ വിമാനത്താവളം

**മട്ടന്നൂർ:** യാത്രക്കാരുടെ എണ്ണത്തിൽ പുതിയ റെക്കോർഡ് തീർത്ത് കിയാൽ. കണ്ണൂർ രാജ്യാന്തര വിമാനത്താവളം വഴി 2025 ൽ യാത്ര ചെയ്തത് 15.2 ലക്ഷം യാത്രക്കാർ. ഇതിനു മുൻപ് 2019ലാണ് ഏറ്റവും കൂടുതൽ യാത്രക്കാർ എന്ന നേട്ടത്തിൽ എത്തിയ വർഷം. അന്ന് 14.7 ലക്ഷം യാത്രക്കാരാണ് കണ്ണൂർ വഴി കടന്നുപോയത്.

യാത്രക്കാരുടെ എണ്ണത്തിൽ 2019നെ അപേക്ഷിച്ച് 3 ശതമാനവും 2024നെ അപേക്ഷിച്ച് 16 ശതമാനവും വർധന രേഖപ്പെടുത്തി. നവംബർ, ഡിസംബർ മാസങ്ങളിലായി എയർ ഇന്ത്യ എക്സ്പ്രസിന്റെ സർവീസ് വെട്ടിക്കുറച്ചിട്ടും യാത്രക്കാരുടെ എണ്ണത്തിൽ വർധനവുണ്ടായത് ശ്രദ്ധേയമാണ്. 2025 ലെ ആദ്യ 4 മാസം തുടർച്ചയായി ഒന്നര ലക്ഷത്തിന് മുകളിൽ യാത്രക്കാർ കണ്ണൂരിൽ ഉണ്ടായിരുന്നു.

രാജ്യാന്തര റൂട്ടിലാണ് കൂടുതൽ യാത്രക്കാർ. 12 മാസത്തിനിടയിൽ




10.51 ലക്ഷം രാജ്യാന്തര യാത്രക്കാരാണ് കണ്ണൂർ വിമാനത്താവളം ഉപയോഗിച്ചത്. 2024 നെ അപേക്ഷിച്ച് 15 ശതമാനം വർധന. 4.58 ലക്ഷം ആഭ്യന്തര യാത്രക്കാരും കണ്ണൂർ രാജ്യാന്തര വിമാനത്താവളം വഴി കടന്നുപോയി. മുൻ വർഷത്തെ അപേക്ഷിച്ച് 21 ശതമാനം വർധന. അബുദാബി, ദോഹ, ദുബായ്, ഷാർജ, ബംഗളൂരു, മസ്കത്ത്, മുംബൈ, ഡൽഹി റൂട്ടിലാണ് ഏറ്റവും കൂടുതൽ യാത്രക്കാർ ഉള്ളത്.

രാജ്യാന്തര റൂട്ടിൽ അബുദാബി, ദുബായ്, ഷാർജ സെക്ടറിലും ആഭ്യന്തര റൂട്ടിൽ ബംഗളൂരു സെക്ടറിലുമാണ് കൂടുതൽ സർവീസ്. ആകെ യാത്രക്കാരിൽ 53 ശതമാനം എയർ ഇന്ത്യ എക്സ്പ്രസിനും 47 ശതമാനം ഇൻഡിഗോ യാത്രക്കാരുമാണ്. കഴിഞ്ഞ 6 മാസമായി കിയാൽ പ്രവർത്തനം ലാഭത്തിലാണ്. ചെലവിന് അനുസരിച്ചുള്ള വരുമാനം കിയാലിനുണ്ട്.

റൺവേയിലേക്കുള്ള അപ്രോച്ച് ലൈറ്റിന്റെ ജോലികളും സോളാർ പവർ പ്ലാന്റ് നിർമാണവും പുരോഗമിക്കുന്നു. കണ്ണൂരിലേക്ക് കൂടുതൽ എയർലൈനുകളെ എത്തിക്കുന്നതിനും നിലവിലുള്ള കമ്പനികളുടെ കൂടുതൽ സർവീസ് നടത്തുന്നതിനുള്ള ചർച്ചകളും നടക്കുന്നുണ്ട്.

# സുവർണ്ണ ജൂബിലി നിറവിൽ കെ.എസ്.ഐ.എൻ.സി

**കൊച്ചി:** കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് സുവർണ്ണ ജൂബിലി ആഘോഷിക്കുന്നു. കേരള സർക്കാർ ഉടമസ്ഥതയിൽ 1975ൽ രൂപീകൃതമായ പൊതുമേഖലാ സ്ഥാപനമായ കിൻകോ പ്രവർത്തന രീതിയിൽ മാറ്റം വരുത്തിയാണ് ഇന്നത്തെ കെ.എസ്.ഐ.എൻ.സി രൂപീകൃതമായത്. സുവർണ ജൂബിലിയിൽ എത്തിനിൽക്കുന്ന കമ്പനി ലാഭകരമായി പ്രവർത്തിക്കുന്നുണ്ടെന്നും, അത് നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങളുമായാണ് സ്ഥാപനം മുന്നോട്ട് കൊണ്ടുപോകുന്നതെന്നും മാനേജിംഗ് ഡയറക്ടർ അറിയിച്ചു. കമ്പനിയുടെ രൂപീകരണം മുതൽ തന്നെ പ്രാന്തപ്രദേശങ്ങളിൽ യാത്രാസംവിധാനവും കുടിവെള്ള വിതരണവും ലഭ്യമാക്കുന്നുണ്ട്. ഇതുകൂടാതെ ഉൾനാടൻ ജലഗതാഗതം പ്രയോജനപ്പെടുത്തി ഫാക്ട് അമ്പലമുകളിലേക്കും ഉദ്യോഗമണ്ഡലിലേക്കും വില്ലിംഗ്ടൺ ഐലന്റിൽ നിന്നും ചരക്ക് നീക്കം സാധ്യമാക്കുകയും, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് കപ്പലുകൾക്ക് ഇന്ധനം നിറക്കുന്ന ജോലികളും കമ്പനിയുടെ സ്വന്തം ബാർജുകൾ ഉപയോഗപ്പെടുത്തി കെ.എസ്.ഐ.എൻ.സി. നടത്തി വരുന്നു. മൂന്ന് ദശകങ്ങളായി കൊച്ചിയുടെ കടൽ,കായൽ ടൂറിസത്തിന്റെ ഭാഗമായി കമ്പനി മാറി. ഏറ്റവുമധികം പ്രചാരം നേടിയ കപ്പലുകളിൽ ഒന്നായി നെഫർറ്റിറ്റി എന്ന കപ്പലും, സാഗരറാണി, സൂര്യംശു, മിഷേൽ, ക്ലിയോപാട്ര എന്നീ ബോട്ടുകളും മാറി. ആറ് ബോട്ടുകൾ ഒരേ സമയം അറ്റകുറ്റപ്പണികളും നിർമ്മാണവും നടത്താൻ കഴിയുന്ന തോപ്പുംപടിയിലുള്ള യാർഡും പ്രവർത്തിച്ചുവരുന്നു. എഫ്ആർപി ബോട്ട് നിർമ്മാണത്തിനായിട്ടുള്ള യാർഡും ഉടൻ പ്രവർത്തന സജ്ജമാകും. കൂടാതെ കൊച്ചി കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള വൈപ്പിൻ -ഫോർട്ട് കൊച്ചി റോറോ സർവ്വീസും ഐ.ഡബ്ല്യു.എ. ഐയുടെ ഉടമസ്ഥതയിലുള്ള കണ്ടെയ്നർ റോറോ സർവ്വീസും കമ്പനി നടത്തി വരുന്നു.




# കുളവാഴ നിയന്ത്രണത്തിന് ദേശിയ നയം വേണം; ഭാരതീയ ജൽ കുംഭി പര്യോജന ശുപാർശ ചെയ്ത് ഹയാകോൺ 1.0

**കൊച്ചി:** കുളവാഴകളെ നിയന്ത്രിക്കുന്നതിനായി സമഗ്ര ദേശീയ നയവും പ്രത്യേക ആക്ഷൻ പ്ലാനും രൂപീകരിക്കണമെന്ന് കൊച്ചിയിൽ സമാപിച്ച രാജ്യാന്തര കുളവാഴ കോൺഫറൻസ് ഹയാകോൺ 1.0 ശുപാർശ ചെയ്തു. ജെയിൻ സർവകലാശാലയുടെ ഫ്യൂച്ചർ കേരള മിഷൻ തയ്യാറാക്കിയ കരട് നയരേഖയിൽ, കുളവാഴ നിർമ്മാർജ്ജനത്തിനായി 'ഭാരതീയ ജൽ കുംഭി പര്യോജന' എന്ന പേരിൽ ദേശീയ കർമ്മ പദ്ധതി കേന്ദ്ര സർക്കാർ വിഭാവനം ചെയ്യണമെന്നാണ് നിർദേശിക്കുന്നത്. നിലവിൽ വിവിധ വകുപ്പുകളിലായി ചിതറിക്കിടക്കുന്ന കുളവാഴ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കേന്ദ്ര പരിസ്ഥിതി, വന മന്ത്രാലയത്തിന് കീഴിൽ 'നാഷണൽ വാട്ടർ ഹയാസിന്ത് കോർഡിനേഷൻ കൗൺസിൽ' രൂപീകരിക്കണമെന്നാണ് ഇതിലെ പ്രധാന നിർദ്ദേശങ്ങളിലൊന്ന്.കുളവാഴയുടെ വ്യാപനം ശാസ്ത്രീയമായി നിരീക്ഷിക്കാൻ ഉപഗ്രഹ ചിത്രങ്ങൾ, ഡ്രോണുകൾ, സെൻസറുകൾ എന്നിവയുടെ സഹായം തേടണം. ഇവ നീക്കം ചെയ്യുന്നതിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഹാർവെസ്റ്റിംഗ് മെഷീനുകൾ എന്നിവ പ്രയോജനപ്പെടുത്തണമെന്നും ശുപാർശയിൽ പറയുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി കുളവാഴ ശേഖരണത്തെയും അതിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തെയും സംയോജിപ്പിക്കുന്നത് പ്രാദേശിക ജനവിഭാഗങ്ങൾക്ക് വലിയൊരു വരുമാന മാർഗ്ഗമായി മാറും. 'മാലിന്യത്തിൽ നിന്ന് സമ്പത്ത്' എന്ന കാഴ്ചപ്പാടിൽ കുളവാഴ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ, പേപ്പർ, വളം, ബയോഗ്യാസ് എന്നിവ നിർമ്മിക്കുന്ന ചെറുകിട യൂണിറ്റുകൾ തുടങ്ങാൻ കുടുംബശ്രീയെയും ഹരിത കേരള മിഷനെയും ചുമതലപ്പെടുത്തണം. സർക്കാർ ഓഫീസുകളിൽ കുളവാഴയിൽ നിന്നുള്ള പേപ്പർ ഉപയോഗിച്ച് മാതൃക കാട്ടണമെന്നും നിർദ്ദേശമുണ്ട്.

കേരളത്തിനായി പ്രത്യേക സംസ്ഥാനതല നയം രൂപീകരിക്കുകയും സംസ്ഥാന നീർത്തട അതോറിറ്റിയെ ഇതിനായി നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തുകയും വേണം. കുളവാഴ ശല്യം രൂക്ഷമായ ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ പൈലറ്റ് പ്രോജക്റ്റുകൾ ഉടൻ ആരംഭിക്കണമെന്നും കുട്ടനാട്, വേമ്പനാട് മേഖലകളിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും റിപ്പോർട്ട് ആവശ്യപ്പെടുന്നു. ശുപാർശാ റിപ്പോർട്ട് സമാപന സമ്മേളനത്തിൽ ഉമാ തോമസ് എംഎൽഎ, എറണാകുളം ജില്ലാ കളക്ടർ ജി. പ്രിയങ്ക, ആലപ്പുഴ ജില്ലാ കളക്ടർ അലക്സ് വർഗീസ് എന്നിവർക്ക് കൈമാറി.








രാത്രി അത്താഴത്തിനുള്ള അരിയുമായി തിരക്കേറിയ എറണാകുളം എംജി റോഡിന് കുറുകെ കടക്കുന്നതിനിടയിൽ ബാഗ് പൊട്ടി റോഡിൽ വീണ അരി കൈകൊണ്ട് കോരിഎടുക്കുന്ന നാടോടിസ്ത്രീ. സംഭവം കണ്ട യാത്രക്കാർ പലരും ഈ സ്ത്രീക്ക് പണം കൊടുത്ത് സഹായിച്ചു

ഫോട്ടോ : എ. എസ് സതീഷ്

# വീട് നിർമ്മാണത്തിൽ ന്യൂനത; കരാറുകാരൻ 1.10 ലക്ഷം രൂപ നഷ്ടപരിഹാരം നൽകണം

**കൊച്ചി:** വീട് നിർമ്മാണത്തിൽ ഗുരുതരമായ വീഴ്ച വരുത്തുകയും പണി പൂർത്തിയാക്കാതെ കരാർ ലംഘിക്കുകയും ചെയ്ത കരാറുകാരൻ പരാതിക്കാരന് 1,10,000 രൂപ നഷ്ടപരിഹാരം നൽകണമെന്ന് എറണാകുളം ജില്ലാ ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ. നായത്തോട് സ്വദേശി ഔസേപ്പ് ജോർജ്ജ് കരുമാത്തി, കെട്ടിട നിർമാണ കരാറുകാരനെതിരെ സമർപ്പിച്ച പരാതിയിൽ ആണ് ഉത്തരവ്. രണ്ട് വീടുകളുടെ നിർമ്മാണത്തിനായി 2017 നവംബർ ഒന്നിനാണ് പരാതിക്കാരൻ, കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടത്. നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലായി 9,30,900/ രൂപ പരാതിക്കാരൻ എതിർകക്ഷിക്ക് നൽകിയിരുന്നു. എന്നാൽ, 2018 ഓഗസ്റ്റ് മാസം കാരണമില്ലാതെ കരാറുകാരൻ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവെച്ചു. മോശം നിർമ്മാണ രീതികളും ഗുണനിലവാരമില്ലാത്ത സാമഗ്രികളുടെ ഉപയോഗവും ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പരാതിക്കാരൻ കമ്മീഷനെ സമീപിക്കുകയായിരുന്നു. കമ്മീഷൻ നിയോഗിച്ച വിദഗ്ധർ നടത്തിയ പരിശോധനയിൽ രണ്ട് കെട്ടിടങ്ങളുടെയും പണി പകുതിപോലും പൂർത്തിയായിട്ടില്ലെന്നും ഭിത്തികൾ, വാതിലുകൾ, ജനലുകൾ എന്നിവ സ്ഥാപിച്ചിട്ടില്ലെന്നും കണ്ടെത്തി. കൂടാതെ, നിർമ്മാണത്തിനായി എത്തിച്ച 56 ചാക്ക് സിമന്റ് കട്ടപിടിച്ച് നശിച്ച നിലയിലായിരുന്നു. വൻതുക കൈപ്പറ്റിയ ശേഷം നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിക്കുന്നത് സേവനത്തിലെ വലിയ വീഴ്ചയാണെന്നും, 99 ശതമാനം പണിയും പൂർത്തിയായി എന്ന കരാറുകാരന്റെ വാദം തെറ്റാണെന്നും കമ്മീഷൻ റിപ്പോർട്ടിലൂടെ വ്യക്തമായതായി ഡി.ബി ബിനു അധ്യക്ഷനും വി. രാമചന്ദ്രൻ ടി. എൻ ശ്രീവിദ്യ എന്നിവർ അംഗങ്ങളുമായ ബെഞ്ച് നിരീക്ഷിച്ചു. പരാതിക്കാരനുണ്ടായ മാനസിക വിഷമത്തിനും സാമ്പത്തിക നഷ്ടത്തിനും പരിഹാരമായി കരാറുകാരൻ 1,00,000 രൂപ നഷ്ടപരിഹാരവും 10,000 രൂപ കോടതി ചെലവും 30 ദിവസത്തിനുള്ളിൽ നൽകണമെന്നും ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ ഉത്തരവിട്ടു.



# വയോജനങ്ങളുടെ കഴിവും അനുഭവസമ്പത്തും ക്രിയാത്മകമായി പ്രയോജനപ്പെടുത്തണം: വയോജന കമ്മീഷൻ

**കൊച്ചി:** സംസ്ഥാന വയോജന കമ്മീഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വരൂപിക്കാൻ കമ്മീഷൻ ചെയർപേഴ്സൺ കെ സോമപ്രസാദിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. 2031ൽ കേരള ജനസംഖ്യയുടെ 25 ശതമാനത്തോളം വയോജനങ്ങൾ ആകും. 60 വയസ്സിനു മുകളിൽ പ്രായമുള്ളവർ വീടുകളിൽ ഒതുങ്ങി കഴിയേണ്ടവരല്ല. അവരുടെ കഴിവുകളും അനുഭവസമ്പത്തും സമൂഹത്തിന് പ്രയോജനകരമായ വിധത്തിൽ ക്രിയാത്മകമായി എങ്ങനെ ഉപയോഗപ്പെടുത്താം എന്ന് ചിന്തിക്കേണ്ടതാണെന്ന് കമ്മീഷൻ ചെയർപേഴ്സൺ അഭിപ്രായപ്പെട്ടു. അണുകുടുംബങ്ങളിലെ വയോജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും കുടുംബാംഗങ്ങളോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മുന്നോട്ടുവരണമെന്നും അദ്ദേഹം പറഞ്ഞു.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ കമ്മീഷൻ അംഗം കെ.എൻ.കെ നമ്പൂതിരി, ജില്ലാ സാമൂഹ്യനീതി ഓഫീസർ കെ.ജെ ജോൺ ജോഷി, ഫിനാഷ്യൽ ഓഫീസർ പി.എസ് പ്രിൻസ്സംഘടനാ ഭാരവാഹികൾ സന്നദ്ധപ്രവർത്തകൾ എന്നിവർ പങ്കെടുത്തു.

# കാൻക്യൂർ 'സാന്ത്വനം ശ്രീരാഗം' 17ന്

**കൊച്ചി:** കാൻക്യൂർ ഫൗണ്ടേഷൻ കൊച്ചിയിൽ നടത്തിവരുന്ന കാൻക്യൂർ സാന്ത്വന കേന്ദ്രം അഞ്ച് വർഷം പൂർത്തിയാക്കിയതും 15,000 സൗജന്യ ഡയാലിസിസ് ചികിത്സകൾ പൂർത്തിയാക്കിയതും ആഘോഷിക്കുന്നതിന് ഗായകൻ എം ജി ശ്രീകുമാർ നേതൃത്വം നൽകുന്ന സംഗീത സന്ധ്യ സംഘടിപ്പിക്കുന്നു. ജനുവരി 17ന് കൊച്ചി ഗോകുലം കൺവെൻഷൻ സെന്ററിൽ വൈകിട്ട് 6 മണിക്കാണ് 'സാന്ത്വനം ശ്രീരാഗം' സംഗീത സന്ധ്യ. സ്ഥിരം ഗാനമേളകളിൽ നിന്നും വ്യത്യസ്തമായി സദസ്സുമായി സംവദിച്ച് ഗാനങ്ങളുണ്ടായ വഴികൾ വിവരിച്ച് പാടി അവതരിപ്പിക്കുന്ന രീതിയിലാണ് സാന്ത്വനം ശ്രീരാഗം. ഹൈക്കോടതി ജഡ്ജിമാരായ ദേവൻ രാമചന്ദ്രൻ, ബെച്ചു കുര്യൻ, ജയശങ്കർ നമ്പ്യാർ, ഹൈബി ഈഡൻ എം പി, എം.എൽ.എമാരായ കെ. എൻ ഉണ്ണികൃഷ്ണൻ, ടി. ജെ വിനോദ്, ഉമ തോമസ്, ഇൻഡസ്ട്രീസ് പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് ഹനീഷ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കുമെന്ന് പ്രോഗ്രാം കമ്മിറ്റി ചെയർമാൻ രാജ് മോഹൻ നായർ അറിയിച്ചു. 2021ൽ പ്രവർത്തനം ആരംഭിച്ച കാൻക്യൂർ സാന്ത്വന കേന്ദ്രം കൊച്ചി ഒച്ചന്തുരുത്തിലാണ് പ്രവർത്തിക്കുന്നത്. വൃക്കരോഗ ബാധിതർക്കുള്ള സൗജന്യ ഡയാലിസിസ് ചികിത്സയും അശരണർക്കുള്ള സാന്ത്വന പരിചരണവും നൽകി വരുന്നു.

# ക്ലിന്റ് സ്മാരക ബാല ചിത്രരചന മത്സരം

**കൊച്ചി:** എറണാകുളം ജില്ലാ ശിശുക്ഷേമ സമിതിയുടെ നേതൃത്വത്തിൽ ക്ലിന്റ് സ്മാരക ബാല ചിത്രരചന മത്സരം എറണാകുളം ഇന്ദിരാ പ്രിയദർശിനി ചിൽഡ്രൻസ് പാർക്കിൽ നടന്നു. ചിത്രകാരൻ ഡോ. സാജു തുരുത്തിൽ മത്സരം ഉദ്ഘാടനം ചെയ്തു. സംസ്ഥാന ശിശുക്ഷേമ സമിതി എക്സിക്യൂട്ടീവ് അംഗം അഡ്വ. യേശുദാസ് പറപ്പിള്ളി അധ്യക്ഷനായി. ജില്ലാ ശിശുക്ഷേമ സമിതി സെക്രട്ടറി അഡ്വ. സുനിൽ ഹരീന്ദ്രൻ, ജോയിന്റ് സെക്രട്ടറി അഡ്വ. ടി. വി അനിത, എക്സിക്യൂട്ടീവ് അംഗം എം. എം രശ്മി തുടങ്ങിയവർ സംസാരിച്ചു. എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങളിലായി നടന്ന മത്സരങ്ങളിൽ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾ പങ്കെടുത്തു.

വിജയികൾക്ക് ട്രോഫികളും സർട്ടിഫിക്കറ്റുകളും ചിത്രകാരൻ ശ്രീ. എൻ. എ. മണി വിതരണം ചെയ്തു. ജില്ലാ ശിശുക്ഷേമ സമിതി ട്രഷറർ സനം പി. തോപ്പിൽ സംസാരിച്ചു.

## എറണാകുളം പ്രസ് ക്ലബിന് ഗവർണേഴ്സ് എക്സലൻസ് പുരസ്കാരം

**കൊച്ചി:** പശ്ചിമ ബംഗാൾ ഗവർണറുടെ എക്സലൻസ് അവാർഡ് എറണാകുളം പ്രസ് ക്ലബിന്. എറണാകുളം പ്രസ്ക്ലബും പി. എൻ പ്രസന്നകുമാർ ഫൗണ്ടേഷനും ചേർന്ന് സംഘടിപ്പിച്ച പി. എൻ പ്രസന്നകുമാർ അനുസ്മരണ, പുരസ്കാര സമർപ്പണ ചടങ്ങിലാണ് ബംഗാൾ ഗവർണർ ഡോ. ഡോ. സി. വി ആനന്ദബോസ് പുരസ്കാര പ്രഖ്യാപനം നടത്തിയത്. മാധ്യമ പ്രവർത്തകർ സ്വപ്രയത്നത്താൽ സ്ഥാപിച്ച രാജ്യത്തെ ആദ്യ പ്രസ്ക്ലബ് എന്ന നിലയിലും പ്രസക്ലബ് നടത്തുന്ന വൈവിധ്യമാർന്ന പരിപാടികളും ക്ഷേമ പദ്ധതികളും പ്രൊഫഷണൽ മികവും കണക്കിലെടുത്താണ് പുരസ്കാരമെന്ന് ഗവർണർ പറഞ്ഞു. ഒരു ലക്ഷം രൂപയും കീർത്തി പത്രവും ഫലകവുമാണ് അവാർഡ്. ഉചിതമായ ചടങ്ങ് സംഘടിപ്പിച്ച് പുരസ്കാരം സമ്മാനിക്കുമെന്നും ഗവർണർ അറിയിച്ചു.




# പുതുവത്സരാഘോഷം സംഘടിപ്പിച്ചു

**കൊച്ചി:** എളമക്കര വിവേകാനന്ദ നഗർ റെസിഡൻസ് അസോസിയേഷന്റെ (വി.എൻ.ആർ.എ) ആഭിമുഖ്യത്തിൽ പുതുവത്സരാഘോഷം സംഘടിപ്പിച്ചു. കൊച്ചി മേയർ അഡ്വ. വി. കെ. മിനിമോൾ ആഘോഷം ഉദ്ഘാടനം ചെയ്തു. വി.എൻ.ആർ.എ പ്രസിഡന്റ് ഐശ്വര്യ അധ്യക്ഷത വഹിച്ച ചടങ്ങിൽ ടി. ജെ. വിനോദ് എം.എൽ.എ , വാർഡ് കൗൺസിലർ സീന ടീച്ചർ, എഡ്രാക് മേഖല വൈസ് പ്രസിഡന്റ് ബി. എം. സനൽ കുമാർ എന്നിവർ സംസാരിച്ചു.

പുതുവത്സരാഘോഷത്തിന്റെ ഭാഗമായി വിവിധ സാംസ്കാരിക പരിപാടികളും സംഘടിപ്പിച്ചു. മുൻകൂട്ടി സംഘടിപ്പിച്ച മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനങ്ങളും ചടങ്ങിൽ നൽകി. പരിപാടികൾക്ക് വി.എൻ.ആർ.എ സെക്രട്ടറി വി. ഗണേഷ് , ട്രഷറർ ജി.കിരൺ എന്നിവർ നേതൃത്വം നൽകി.

സൊസൈറ്റി ടുഡേ
SOCIETY TODAY




# പൈതൃക സംരക്ഷണം: എംജി സർവകലാശാലയും മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സും ധാരണാപത്രം ഒപ്പിട്ടു

**കൊച്ചി:** പൈതൃക സംരക്ഷണത്തിലും അനുബന്ധ മേഖലകളിലും അക്കാദമിക് പരിപാടികൾ, ഗവേഷണം, ഗവേഷണാനുബന്ധ തുടർ സംരംഭങ്ങൾ എന്നിവയിൽ സഹകരിക്കുന്നതിനുള്ള ധാരണാപത്രത്തിൽ മഹാത്മാഗാന്ധി സർവകലാശാലയും (എംജിയു) മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സ് ലിമിറ്റഡും (എംപിഎൽ) ഒപ്പുവച്ചു. അന്താരാഷ്ട്ര സ്പൈസ് റൂട്ട്സ് കോൺഫറൻസിനോടനുബന്ധിച്ച് നടന്ന ചടങ്ങിൽ എം.ജി സർവ്വകലാശാല വൈസ് ചാൻസലർ ഡോ. സി. ടി അരവിന്ദകുമാറും മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ വി.ഷാരോണും ഇതുസംബന്ധിച്ച ധാരണാപത്രം കൈമാറി. കരാർ പ്രകാരം പൈതൃക സംരക്ഷണം, സാംസ്കാരിക ചരിത്രം, പൈതൃക ഇടപെടൽ എന്നിവയിലെ ഗവേഷണവിഷയങ്ങൾ, പ്രശ്നങ്ങൾ, ശ്രദ്ധാകേന്ദ്രങ്ങൾ എന്നിവ എം.ജി സർവ്വകലാശാലയും

എംപിഎല്ലും സംയുക്തമായി തിരിച്ചറിയും. മുസിരിസ് ഹെറിറ്റേജ് പ്രോജക്ട് നടത്തുന്ന ഹെറിറ്റേജ് ഇന്റർപ്രെട്ടേഷൻ, മ്യൂസിയം മാനേജ്മെന്റ്, ആർട്ട് ആന്റ് കമ്മ്യൂണിറ്റി ഓറിയന്റഡ് ടൂറിസം, സസ്റ്റെയ്നബിലിറ്റി ആന്റ് ഹെറിറ്റേജ് സ്റ്റഡീസ് എന്നിവയിൽ എംജി സർവകലാശാലയുടെ സർട്ടിഫൈഡ് ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകൾക്ക് ധാരണാപത്രം വഴിയൊരുക്കും.

പൈതൃക കേന്ദ്രങ്ങൾ, മ്യൂസിയങ്ങൾ, ആർക്കൈവുകൾ, പ്രാദേശിക സമൂഹങ്ങൾ, സംയുക്ത ഗവേഷണത്തിനുള്ള മേഖലകൾ എന്നിവ തിരിച്ചറിയുന്നതിനൊപ്പം ഇക്കാര്യത്തിൽ സ്ഥാപനങ്ങൾക്കിടയിലെ പങ്കാളിത്തം സുഗമമാക്കുന്നതും സഹകരണം ഉറപ്പുവരുത്തും.

എംപിഎല്ലിന്റെ ഗവേഷണ കണ്ടെത്തലുകൾ, നൂതനാശയങ്ങൾ, അനുഭവജ്ഞാനം എന്നിവ പൈതൃക വ്യാഖ്യാനം, മ്യൂസിയം പ്രോഗ്രാമിംഗ്, പൊതുജന സമ്പർക്കം തുടങ്ങിയവയ്ക്കായി ഉപയോഗിക്കും. പാഠ്യപദ്ധതി വികസനം, ഗവേഷണ രൂപകൽപ്പന, മറ്റ് അക്കാദമിക് വിവരങ്ങൾ ലഭ്യമാക്കൽ എന്നിവയിൽ എംജിയു അക്കാദമിക് പിന്തുണ നൽകും. സംയുക്ത സംരംഭങ്ങൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി മഹാത്മാഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് (എസ്ജിറ്റിഡിഎസ്) പ്രവർത്തിക്കും. ഇതുമായി ബന്ധപ്പെട്ട് മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സ് ഉപകേന്ദ്രവും സ്ഥാപിക്കും.വിദ്യാഭ്യാസ ടൂറിസത്തിന്റെ ഹബ്ബായി കേരളത്തെ വികസിപ്പിക്കുക എന്ന മുസിരിസ് ഹെറിറ്റേജ് പ്രോജക്ടിന്റെ ലക്ഷ്യത്തിന്റെ ഭാഗമായാണ് എം.ജി സർവകലാശാലയുമായുള്ള ധാരണാപത്രം ഒപ്പുവച്ചത്. ചരിത്രം, സംസ്കാരം, വിനോദം എന്നിവ സമന്വയിപ്പിക്കുന്ന അതുല്യമായ പഠന കേന്ദ്രമായി മുസിരിസിനെ വികസിപ്പിക്കുക, അറിവും സൃഷ്ടിപരവുമായ സമ്പദ് വ്യവസ്ഥയായി മാറുക തുടങ്ങിയ കേരളത്തിൻറെ കാഴ്ചപ്പാടുകളെ ശക്തിപ്പെടുത്താനും എം.ജി സർവകലാശാലയുമായുള്ള ധാരണാപത്രം സഹായകമാകും.

# വിസ തട്ടിപ്പ്: ഇരകളുടെ കൂട്ടായ്മ നടത്തി

**കൊച്ചി:** വിസ തട്ടിപ്പ്, വിദേശത്തേയ്ക്കുള്ള മനുഷ്യക്കടത്ത് ഉൾപ്പെടെയുള്ള സംഭവങ്ങളിൽ ഇരയായവർക്ക് നീതി ലഭ്യമാക്കാൻ ലക്ഷ്യമിട്ട് നാഷണൽ വർക്കേഴ്സ് വെൽഫെയർ ട്രസ്റ്റ് ആന്റ് സെന്റർ ഫോർ ഇന്ത്യൻ മൈഗ്രന്റ് സ്റ്റഡീസിന്റെ നേതൃത്വത്തിൽ കൂട്ടായ്മയും ബോധവൽക്കരണ സെമിനാറും നടത്തി. എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഹാളിൽ നടന്ന സെമിനാർ എൻ.ആർ.ഐ കമ്മീഷൻ ചെയർപേഴ്സൺ റിട്ട. ജസ്റ്റിസ് സോഫി തോമസ് ഉദ്ഘാടനം ചെയ്തു.'ഹ്യൂമൺ ട്രാഫിക്കിങ്, ഫ്രോഡുലന്റ് റിക്രൂട്ട്മെന്റ് ആന്റ് പാത്ത് വേസ് ടു സേഫ് മൈഗ്രേഷൻ' എന്ന വിഷയത്തിൽ നടന്ന സെമിനാറിന് മുൻ പോലിസ് സൂപ്രണ്ട് പി. എം ജോസഫ് സജു നേതൃത്വം നൽകി. എൻ.ആർ.ഐ കമ്മിഷൻ മെമ്പർ പി. എം ജാബിർ, എൻ.ഡബ്ല്യൂ.ഡബ്ല്യൂ.ടി ചെയർപേഴ്സൺ സിസ്റ്റർ. ലിസി ജോസഫ്, സി.ഐ.എം.എസ് പ്രൊജക്റ്റ് കോഓർഡിനേറ്റർ ബീമ ബഷീർ, സി.ഐ.എം.എസ് കോഓർഡിനേറ്റർ റഫീഖ് റാവുത്തർ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ സംസാരിച്ചു. 'അക്കരപ്പച്ച' എന്ന ഡോക്യുമെന്ററിയുടെ പ്രദർശനവും ഉണ്ടായിരുന്നു.



വിസ തട്ടിപ്പിൽ ഇരയായവർക്ക് നീതി ലഭ്യമാക്കാൻ ലക്ഷ്യമിട്ട് നാഷണൽ വർക്കേഴ്സ് വെൽഫെയർ ട്രസ്റ്റ് ആന്റ് സെന്റർ ഫോർ ഇന്ത്യൻ മൈഗ്രന്റ് സ്റ്റഡീസിന്റെ നേതൃത്വത്തിൽ എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഹാളിൽ സംഘടിപ്പിച്ച കൂട്ടായ്മ എൻആർ ഐ കമ്മീഷൻ ചെയർപേഴ്സൺ റിട്ട ജസ്റ്റിസ് സോഫി തോമസ് ഉദ്ഘാടനം ചെയ്യുന്നു. പി എം ജാബിർ, പി എം ജോസഫ് സജു, സിസ്റ്റർ. ലിസി ജോസഫ് തുടങ്ങിയവർ സമീപം

## ഇന്നത്തെ പരിപാടികൾ

### കൊച്ചി

- **ചാവറ കൾച്ചറൽ സെന്റർ :**ധരണിയും ചാവറ കൾച്ചറൽ സെന്ററും ചേർന്ന് സംഘടിപ്പിക്കുന്ന ഡാൻസ് ഫെസ്റ്റിവലിൽ ഷഫീക്കുദീനും ഷബാനയും അവതരിപ്പിക്കുന്ന ഭരതനാട്യം വൈകിട്ട് 06.30 ന്

### തിരുവൈരാണിക്കുളം

- **തിരുവൈരാണിക്കുളം മഹാദേവ ക്ഷേത്രം :** ശ്രീ പാർവതി ദേവിയുടെ നടതുറപ്പ് മഹോത്സവം - പുലർച്ചെ 4 മണി മുതൽ

### കാലടി

- **സ്വാമി ആഗമാനന്ദ ഓപ്പൺ എയർ ഓഡിറ്റോറിയം:** സ്വാമി വിവേകാന്ദന്റെ 164ാം ജന്മദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന യുവജനദിനാഘോഷം രാവിലെ 10.30 ന്

### അങ്കമാലി

- **അങ്കമാലി സിഎസ്എ ഹാൾ:** ഓൾ കേരള ടെയ്ലേഴ്സ് അസോസിയേഷൻ നേതൃക്യാമ്പ് രാവിലെ 10 ന്

# കെ.വി.വി.ഇ.എസ് യൂത്ത് വിംഗ്: ഭാരവാഹികളെ തിരഞ്ഞെടുത്തു



പ്രദീപ് ജോസ്, കെ.സി മുരളീധരൻ

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് സംസ്ഥാന വർക്കിംഗ് പ്രസിഡന്റായി യൂത്ത് വിംഗ് എറണാകുളം ജില്ലാ പ്രസിഡന്റ് പ്രദീപ് ജോസിനെ തിരഞ്ഞെടുത്തു. യൂത്ത് വിംഗ് സംസ്ഥാന കൗൺസിൽ യോഗത്തിൽ ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സരയുടെ നേതൃത്വത്തിലായിരുന്നു തിരഞ്ഞെടുപ്പ് നടന്നത്. സംസ്ഥാന സെക്രട്ടറിയായി കെ.സി മുരളീധരൻ, സംസ്ഥാന കമ്മിറ്റിയംഗങ്ങളായി ശ്രീനാഥ് മംഗലത്ത്, വിനോദ് ബേബി, ജംഷീർ വാഴയിൽ എന്നിവരെയും തിരഞ്ഞെടുത്തു.

# തന്ത്രിയുടെ അറസ്റ്റ് രാഷ്ട്രീയ പ്രേരിതം: വിശ്വ ഹിന്ദു പരിഷത്ത്

**ആലപ്പുഴ:** തിരക്ക് പിടിച്ച് തന്ത്രിയെ പ്രത്യേക അന്വേഷണസംഘം അറസ്റ്റ് ചെയ്തത് രാഷ്ട്രീയ പ്രേരിതമെന്ന് വിശ്വ ഹിന്ദു പരിഷത്ത് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. അനിൽ വിളയിൽ വാർത്താക്കുറിപ്പിൽ പറഞ്ഞു. ഹൈക്കോടതിയിൽ ഉൾപ്പെടെ പ്രത്യേക അന്വേഷണ സംഘം ഹാജരാക്കിയിട്ടുള്ള റിപ്പോർട്ടുകൾ പ്രകാരം ശബരിമലയിലെ മോഷണത്തിൽ പ്രത്യക്ഷ പങ്കാളിത്തം ആരോപിച്ചിട്ടില്ലാത്ത വ്യക്തിയാണ് തന്ത്രി, എന്നാൽ വളരെ പെട്ടെന്ന് തന്ത്രിയെ അറസ്റ്റ് ചെയ്യാൻ പ്രത്യേക അന്വേഷണസംഘം തീരുമാനമെടുത്തതിന് പിന്നിൽ സർക്കാരിന്റെ താൽപര്യമാണെന്നാണ് വ്യക്തമാക്കപ്പെടുന്നത്. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ശബരിമല മോഷണ കേസ് രജിസ്റ്റർ ചെയ്തതിന്റെ തൊട്ടടുത്ത ദിവസം തന്നെ തന്ത്രിയെ അറസ്റ്റ് ചെയ്തത് ദുരൂഹമായ നടപടിയാണ്. മുൻ ദേവസ്വം ബോർഡ് അംഗം ശങ്കർദാസിനെയൊ മുൻ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രശാന്തിനെയൊ അറസ്റ്റ് ചെയ്യുന്നതിന് യാതൊരു താൽപര്യവും കാണിക്കാത്ത എസ്ഐടി ഇപ്പോൾ എടുത്ത നടപടി പൊതുസമൂഹത്തിന് വിശ്വസിക്കാൻ സാധിക്കാത്ത ഒന്നാണ്.

കുറ്റം ചെയ്തവർ ആരായാലും ശിക്ഷിക്കപ്പെടണമെന്നു തന്നെയാണ് വിശ്വ ഹിന്ദു പരിഷത്തിന്റെ നിലപാട്. നിയമം അതിന്റെ വഴിക്ക് കൂടി പോകണം. എന്നാൽ തന്ത്രിയുടെ അറസ്റ്റോടു കൂടി അന്വേഷണം അവസാനിപ്പിച്ച് തിരക്കുപിടിച്ച് കുറ്റപത്രം സമർപ്പിക്കുക എന്നുള്ളത് ഇടതുപക്ഷ സർക്കാരിന് നിയമസഭാ തെരഞ്ഞെടുപ്പിന് കളമൊരുക്കി കൊടുക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണെന്നും അഡ്വ. അനിൽ വിളയിൽ വ്യക്തമാക്കി. സിബിഐ പോലെയുള്ള ഏജൻസി ഈ കേസിന്റെ അന്വേഷണം ഉടൻ തന്നെ ഏറ്റെടുത്തില്ല എങ്കിൽ നിലവിലെ കേസ് അന്വേഷണം യഥാർത്ഥ പ്രതികളിലേക്ക് എത്തിച്ചേരാനുള്ള സാധ്യതയുടെ വാതിൽ അടയ്ക്കും. ശബരിമലയിലെ യുവതി പ്രവേശന സമയത്ത് തന്നെ മുഖ്യമന്ത്രി അടക്കമുള്ള ഇടത് നേതാക്കന്മാർക്ക് തന്ത്രിയോട് വിരോധം ഉണ്ടായിരുന്നു. അന്ന് തീർക്കാൻ സാധിക്കാതിരുന്ന അവരുടെ വിരോധം ശബരിമല കൊള്ളയുടെ മറവിൽ നടപ്പാക്കിയിരിക്കുകയാണ് എന്ന് സംശയിക്കേണ്ടിയിരിക്കുന്നുവെന്നും അഡ്വ. അനിൽ വിളയിൽ വ്യക്തമാക്കി.

# ഗവ. സൈബർപാർക്കിൽ പുതിയ ഓഫീസ് തുറന്ന് ഐ ടി കമ്പനി ടൈംസ് വേൾഡ്

**കോഴിക്കോട് :** പ്രമുഖ ഐ .ടി കമ്പനിയായ ടൈംസ് വേൾഡ് ഗവ. സൈബർ പാർക്കിൽ പുതിയ ഓഫിസ് തുറന്നു. സഹ്യ കെട്ടിടത്തിൽ നടന്ന ചടങ്ങിൽ സംഗീത സംവിധായകൻ എം. ജയചന്ദ്രൻ കമ്പനിയുടെ ഉദ്ഘാടനം നിർവഹിച്ചു.

ഡാറ്റ, സാങ്കേതികവിദ്യ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ എന്നീ മേഖലകളിലാണ് ടൈംസ് വേൾഡ് പ്രവർത്തിക്കുന്നത്. പുതിയ പ്രതിഭകളെയും ആശയങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന ടൈംസ് വേൾഡിന്റെ പ്രതിബദ്ധതയാണ് പുതിയ ഓഫീസിലൂടെ പ്രതിഫലിപ്പിക്കുന്നതെന്ന് ഉദ്ഘാടന ചടങ്ങിൽ സംസാരിച്ച ടൈംസ്വേൾഡ് സ്ഥാപകനും സി.ഇ.ഒയുമായ ടോമി വർഗീസ് പറഞ്ഞു. ആർട്ടിഫിഷ്യൽ ഇന്റലിജൻസും നൂതന സാങ്കേതികവിദ്യകളും സമൂഹത്തെ സ്വാധീനിക്കുന്ന ഉത്തരവാദിത്തത്തോടും നൈതികതയോടും കൂടിയുള്ള വളർച്ചയാണ് ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി. ഗവ. സൈബർപാർക്ക് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ വിവേക് നായർ, കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോൺ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ എം അതുൽകുമാർ, എന്നിവർക്കൊപ്പം സൈബർപാർക്കിലെ മറ്റ് ഉദ്യോഗസ്ഥർ മറ്റ് കമ്പനികളിൽ നിന്നുള്ള ഡയറക്ടർമാർ, സീനിയർ പ്രതിനിധികൾ തുടങ്ങിയവരും ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

# കെടിഎം ഓറഞ്ച് എക്സ്പി 160കൊച്ചിയിൽ; ടെസ്റ്റ് ഡ്രൈവിന് അവസരം

**കൊച്ചി:** ആഗോള പ്രീമിയം മോട്ടോർസൈക്കിൾ ബ്രാൻഡായ കെടിഎം അവതരിപ്പിക്കുന്ന കെടിഎം 160 ഡ്യൂക്ക് ടെസ്റ്റ് ഡ്രൈവ് നടത്താൻ കൊച്ചിയിൽ അവസരം. ടെസ്റ്റ് ഡ്രൈവിന് കെടിഎം വിദഗ്ധർ മാർഗനിർദ്ദേശങ്ങൾ നൽകുമെന്ന് കമ്പനി അറിയിച്ചു. 2025 നവംബർ 29ന് പൂനെയിൽ ആരംഭിച്ച ടെസ്റ്റ് ഡ്രൈവ് രാജ്യത്തെ 40ലധികം നഗരങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായാണ് കൊച്ചിയിലെത്തിയത്. ഗൈഡഡ് റൈഡിംഗ് ഡ്രില്ലുകളും ഇൻറർ ആക്റ്റീവ് പെർഫോമൻസ് മൊഡ്യൂളുകളും സംയോജിപ്പിച്ചാണ് ഓറഞ്ച് എക്സ്പി160 രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കെടിഎം അധികൃതർ അറിയിച്ചു. കോർണറിംഗ്, ബ്രേക്കിംഗ്, ത്രോട്ടിൽ കൺട്രോൾ, ബോഡി പൊസിഷനിംഗ് എന്നിവയിലെ സാങ്കേതിക വിദ്യകൾ ഈ മോഡലിനെ സവിശേഷമാക്കുന്നു. ഭാരം കുറഞ്ഞ 164.2 സിസി സിംഗിൾസിലിണ്ടർ ലിക്വിഡ്കൂൾഡ് എഞ്ചിനോട് കൂടി വരുന്ന മോഡലിൽ 19 പിഎസ് ക്ലാസ്ലീഡിംഗ് പവറും 15.5 എൻഎം ടോർക്കും ഉള്ളതായി കമ്പനി വ്യക്തമാക്കി. കെടിഎം സ്വന്തമാക്കുന്നതിനുള്ള അവസരമാണ് കരുത്തും ആധുനിക ഫീച്ചറുകളും ഒരുമിച്ചേരുന്ന ഓറഞ്ച് എക്സ്പി160 നൽകുന്നതെന്ന് ബജാജ് ഓട്ടോ ലിമിറ്റഡ് പ്രോബൈക്കിംഗ് പ്രസിഡന്റ് മണിക് നംഗിയ പറഞ്ഞു. ഈ മോഡൽ ബൈക്ക് പ്രേമികൾക്കും റൈഡർമാർക്കും ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് 40ലധികം നഗരങ്ങളിൽ ടെസ്റ്റ് ഡ്രൈവിനുള്ള അവസരമൊരുക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

# ആരോഗ്യഭക്ഷണശീലം: യുഗവ് സർവേ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു

**കൊച്ചി:** ശരീരഭാരം നിയന്ത്രിക്കൽ, സംതൃപ്തി, ശ്രദ്ധയോടെയുള്ള പോഷകാഹാരം എന്നിവയ്ക്ക് മുൻഗണന നൽകുന്ന ഇന്ത്യക്കാർക്കിടയിൽ, പ്രഭാതത്തിന് അനുയോജ്യമായ ഒരു ഭക്ഷണ തിരഞ്ഞെടുപ്പായി കാലിഫോർണിയ ആൽമണ്ടിനോടുള്ള താൽപര്യം വർധിച്ചുവരുന്നതായി ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയയുമായി സഹകരിച്ച് നടത്തിയ യുഗവ് സർവേ. ശരീരഭാരം നിയന്ത്രിക്കുക എന്നതാണ് പുതുവർഷത്തിൽ ഇന്ത്യക്കാരുടെ ലക്ഷ്യങ്ങളുടെ പട്ടികയിൽ ഒന്നാമത്. ഭൂരിഭാഗം ആളുകളും (92%) ആരോഗ്യത്തിലും പോഷകാഹാരത്തിലും ശക്തമായ താൽപര്യം കാണിക്കുന്നതായി സർവേ പറയുന്നു. 51% പേർ ദിവസേനയുള്ള വ്യായാമത്തോടുകൂടിയ സജീവമായ ജീവിതശൈലി സ്വീകരിച്ചു. ദിവസേനയുള്ള വർക്കൗട്ടുകൾ, കൂടുതൽ വെള്ളം കുടിക്കൽ, പഞ്ചസാരയുടെ ഉപഭോഗം കുറയ്ക്കൽ തുടങ്ങിയ സ്ഥിരമായ ശീലങ്ങളിലൂടെ തങ്ങൾ ശരീരഭാരം നിയന്ത്രിക്കാൻ ശ്രമിക്കുന്നതായി സർവേയോട് പ്രതികരിച്ചവരിൽ 63% പേരും ചൂണ്ടിക്കാട്ടി. സർവേയിൽ പങ്കെടുത്ത ഏകദേശം 40% പേർ തങ്ങൾ ദിവസവും ബദാം കഴിക്കുന്നുവെന്ന് മറുപടി നൽകി. 30% പേർ രാവിലെ വെറും വയറ്റിലും, 22% പേർ പ്രഭാതഭക്ഷണത്തോടൊപ്പവും ഇത് ഉൾപ്പെടുത്തുന്നു. ഡ്രൈ ഫ്രൂട്ട്സ് കഴിക്കുന്നവരിൽ 86% പേരും ബദാം തിരഞ്ഞെടുക്കുന്നുവെന്നത് ബദാമിന്റെ വ്യാപകമായ ജനപ്രീതിയെ വീണ്ടും ഉറപ്പിക്കുന്നുവെന്നും സർവേ പറയുന്നു. 15 അത്യാവശ്യ പോഷകങ്ങളുള്ള ബദാം, വിശപ്പടക്കുന്നതിനും മിതമായ രീതിയിലുള്ള ലഘുഭക്ഷണ ശീലത്തിനും സഹായിക്കുമെന്ന് ന്യൂട്രീഷൻ ആൻഡ് വെൽനസ് കൺസൾട്ടന്റായ ഷീല കൃഷ്ണസ്വാമി പറഞ്ഞു.




# പുതിയ സെൽറ്റോസ് കേരളത്തിൽ അവതരിപ്പിച്ച് കിയ ഇന്ത്യ

**കൊച്ചി:** പുതിയ കിയ സെൽറ്റോസ് കേരളത്തിലവതരിപ്പിച്ച് കിയ ഇന്ത്യ. കൊച്ചിയിലെ ഫോറം മാളിൽ വച്ച് നടന്ന ചടങ്ങിൽ കിയ ഇന്ത്യ സൗത്ത് റീജിയണൽ ജനറൽ മാനേജർ രാഹുൽ നികം പുതിയ മോഡൽ അവതരിപ്പിച്ചു. ഇഞ്ചിയോൺ കിയ എം.ഡി നയീം ഷാഹുൽ, എൻഫോഴ്സ്മെന്റ് ആർടിഒ ബിജു ഐസക്, മോട്ടർ വെഹിക്കിൾ ഇൻസ്പെക്ടർ എൻ. വിനോദ് കുമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. കിയയുടെ ആഗോളതലത്തിലുള്ള പ്രശസ്തമായ കെ3 പ്ലാറ്റ്ഫോമിലാണ് പുത്തൻ സെൽറ്റോസ് നിർമിച്ചിരിക്കുന്നത്. മിഡ്എസ്‌യുവി സെഗ്മെന്റിൽ തന്നെ ഏറ്റവും നീളം കൂടിയ വാഹനമാണിത്. 4460 എംഎം നീളവും 1830 എംഎം വീതിയും 1635 എംഎം ഉയരവും 2690 എംഎം വീൽ ബേസുമാണ് പുതിയ സെൽറ്റോസിന്റെ അളവുകൾ. പുതിയ 'ഡിജിറ്റൽ ടൈഗർ ഫെയ്സ്', ഐസ് ക്യൂബ് എൽ.ഇ.ഡി പ്രൊജക്ഷൻ ഹെഡ്‌ലാമ്പുകൾ, സ്റ്റാർ മാപ്പ് ഡി.ആർ.എൽ, കണക്റ്റഡ് എൽ.ഇ.ഡി ടെയിൽ ലാമ്പുകൾ എന്നിവ വാഹനത്തിന് പ്രീമിയം ലുക്ക് നൽകുന്നു. സ്പോർട്ടി 18 ഇഞ്ച് ക്രിസ്റ്റൽ കട്ട് അലോയ് വീലുകൾക്കൊപ്പം, ഈ വിഭാഗത്തിൽ ആദ്യമായി ഓട്ടോമാറ്റിക് സ്ട്രീംലൈൻ ഡോർ ഹാൻഡിലുകളും സെൽറ്റോസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 75.18 സെന്റീമീറ്റർ (30 ഇഞ്ച്) വലിപ്പമുള്ള ട്രിനിറ്റി പനോരമിക് ഡിസ്പ്ലേ പാനലാണ് മറ്റൊരു പ്രധാന ആകർഷണം. വെന്റിലേറ്റഡ് സീറ്റുകൾ, മെമ്മറി ഫംഗ്ഷനോടു കൂടിയ 10വേ പവർ അഡ്ജസ്റ്റബിൾ ഡ്രൈവർ സീറ്റ്, 8 സ്പീക്കറുകളുള്ള പ്രീമിയം ബോസ് ഓഡിയോ സിസ്റ്റം, ഡ്യുവൽ പേൻ പനോരമിക് സൺറൂഫ്, 64 നിറങ്ങളിലുള്ള ആംബിയന്റ് മൂഡ് ലൈറ്റിംഗ് എന്നിവയാണ് പ്രധാന ഇന്റീരിയർ ഫീച്ചറുകൾ.സുരക്ഷയ്ക്കായി, ആറ് എയർ ബാഗുകൾ, എ.ബി.എസ്, ഹിൽ സ്റ്റാർട്ട് അസിസ്റ്റ് കൺട്രോൾ, ബ്ലൈൻഡ് വ്യൂ മോണിറ്ററോട് കൂടിയ 360 ഡിഗ്രീ ക്യാമറ തുടങ്ങിയവും ഇതിൽ സജ്ജീകരിച്ചിരിക്കുന്നു. 10.99 ലക്ഷം രൂപ മുതൽ 19.99 ലക്ഷം രൂപ വരെയാണ് പുതിയ കിയ സെൽറ്റോസിന്റെ എക്സ് ഷോറൂം വില. മോണിംഗ് ഹേസ്, മാഗ്മ റെഡ് എന്നിങ്ങനെ രണ്ട് പുതിയ നിറങ്ങൾ ഉൾപ്പെടെ ആകെ 10 നിറങ്ങളിൽ വാഹനം ലഭ്യമാണ്. 1.5 ലിറ്റർ നാച്ചുറലി ആസ്പിറേറ്റഡ് പെട്രോൾ, 1.5 ലിറ്റർ ടർബോ പെട്രോൾ, 1.5 ലിറ്റർ ഡീസൽ എൻജിൻ എന്നിങ്ങനെ മൂന്ന് എൻജിൻ ഓപ്ഷനുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആറ് സ്പീഡ് മാനുവൽ, ആറ് സ്പീഡ് ഐഎംടി, ഐവിടി, ഏഴ് സ്പീഡ് ഡിസിടി, ആറ് സ്പീഡ് ഓട്ടോമാറ്റിക് ഗിയർബോക്സുകൾ എന്നിവയുൾപ്പെടെ ഒന്നിലധികം ട്രാൻസ്മിഷൻ ഓപ്ഷനുകളുമായി എൻജിൻ ജോടിയാക്കിയിരിക്കുന്നു. HTE(O), HTK(O), HTX(A), GTX(A)/ X-Line(A) തുടങ്ങി നാല് കോർ ട്രിമ്മുകളിൽ സെൽറ്റോസ് ലഭ്യമാണ്. കൂടാതെ ഓപ്ഷണൽ പാക്കേജുകളും ലഭ്യമാണ്.

# ഫോട്ടോഫ്യൂഷൻ എക്സ് ലെൻസ് ഇന്ത്യയിൽ അവതരിപ്പിച്ച് ടൈറ്റൻ ഐ പ്ലസ്

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ഐവെയർ റീട്ടെയിലറായ ടൈറ്റൻ ഐ പ്ലസ്, ആഗോള ഒപ്റ്റിക്കൽ രംഗത്തെ പ്രമുഖരായ സെയ്സ് ഇന്ത്യ വിഷൻ കെയറുമായി കൈകോർക്കുന്നു. സെയ്സിന്റെ അത്യാധുനിക 'ഫോട്ടോഫ്യൂഷൻ എക്സ്' ഫോട്ടോക്രോമിക് ലെൻസ് സാങ്കേതികവിദ്യ ടൈറ്റൻ ഐ പ്ലസ് ലെൻസുകൾക്കൊപ്പം ഇന്ത്യയിലുടനീളമുള്ള ടൈറ്റൻ ഐപ്ലസ് സ്റ്റോറുകളിൽ ലഭ്യമാക്കുമെന്ന് ഇരു കമ്പനികളും അറിയിച്ചു.




കാഴ്ചാ പരിരക്ഷാ രംഗത്തെ നൂതന സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുന്നതിനും ഇന്ത്യൻ ഉപഭോക്താക്കളുടെ ദൈനംദിന കാഴ്ച പരിചരണ നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി സെയ്സ് ഇന്ത്യ സംഘടിപ്പിച്ച സെയ്സ് ഇന്നൊവേഷൻ സമ്മിറ്റിൽ വെച്ചാണ് ഈ പ്രഖ്യാപനം നടത്തിയത്. ഈ സഹകരണത്തിലൂടെ, സെയ്സിന്റെ ഫോട്ടോഫ്യൂഷൻ എക്സ് ഫോട്ടോക്രോമിക് ലെൻസ് സാങ്കേതികവിദ്യ ടൈറ്റൻ ഐ പ്ലസ് ലെൻസുകൾക്കൊപ്പം ലഭ്യമാകും. ഇന്ത്യൻ ഉപഭോക്തൃ ആവശ്യങ്ങളെക്കുറിച്ചുള്ള ടൈറ്റൻ ഐ പ്ലസിന്റെ ആഴത്തിലുള്ള ധാരണയും പ്രിസിഷൻ ഒപ്റ്റിക്സിലും ലെൻസ് നവീകരണത്തിലുമുള്ള സെയ്സിന്റെ വൈദഗ്ധ്യവും ഒന്നിക്കുന്നതിലൂടെ വെളിച്ചത്തിനനുസരിച്ച് അതിവേഗം നിറം മാറുന്നതും, ബ്ലൂലൈറ്റ്, യുവി സംരക്ഷണം നൽകുന്നതുമായ മികച്ച ലെൻസുകൾ ഇന്ത്യൻ ഉപഭോക്താക്കൾക്ക് ലഭ്യമാകുമെന്നും കമ്പനികൾ അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ആധുനിക അടുക്കളയൊരുക്കാൻ ഇന്റീരിയോ ബൈ ഗോദ്റേജ്

**കൊച്ചി:** ഗോദ്റേജ് എന്റർ പ്രൈസസ് ഗ്രൂപ്പിന്റെ ഹോം ആൻഡ് ഓഫീസ് ഫർണിച്ചർ ബ്രാൻഡായ ഇന്റീരിയോ ബൈ ഗോദ്റേജ് അടുത്ത അഞ്ച് വർഷത്തിൽ ഇന്ത്യൻ വീടുകളിലെ അടുക്കളകൾ ആധുനികമാക്കാനായുള്ള പദ്ധതികൾ പ്രഖ്യാപിച്ചു. രണ്ട്, മൂന്ന് നിര നഗരങ്ങളിലെ ആധുനിക വീടുകളിലെ അടുക്കളകൾ ലക്ഷ്യമിടുന്ന ബിസിനസിൽ 10 ശതമാനം സി.എ.ജി.ആർ വളർച്ച നേടാനാണ് ലക്ഷ്യമിടുന്നതെന്ന് കമ്പനി അധികൃതർ പറഞ്ഞു. ഉപഭോക്തൃ അനുഭവം കൂടുതൽ വ്യക്തിഗതമാക്കുന്നതിനായി ഇന്റീരിയോ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമിൽ കിച്ചൻ കോൺഫിഗറേറ്റർ അവതരിപ്പിച്ചിട്ടുണ്ട്. 1.25 ലക്ഷം രൂപ മുതൽ പ്രീ കോൺഫിഗേഡ് മൊഡ്യൂളുകൾ ലഭ്യമാണ്. പ്രത്യേക ആവശ്യങ്ങൾക്കനുസരിച്ചുള്ള വ്യക്തിഗത മാറ്റങ്ങളും ചെയ്യാൻ സാധിക്കും. കിച്ചൻ വിഭാഗത്തിലെ ഇന്റീരിയോയുടെ പ്രധാന ഉൽപ്പന്നങ്ങളിലൊന്നാണ് സ്റ്റീൽ ഷെഫ് മൊഡുലാർ സ്റ്റീൽ കിച്ചൻ ശ്രേണി. മിഡ്പ്രീമിയം വിഭാഗത്തിലുള്ള ഈ ശ്രേണി ദൈർഘ്യം, ആകർഷകമായ രൂപകൽപ്പന, വ്യക്തിഗതവൽക്കരണ ഓപ്ഷനുകൾ എന്നിവയാണ് ഉറപ്പാക്കുന്നത്. ഇതിന് പുറമെ, സ്മാർട്ട് ചിമ്മിനികൾ, ടോൾ കോർണർ യൂണിറ്റുകൾ, 22 ഹാണ്ട് യൂണിറ്റുകൾ, ഏഴ് അടി ഉയരമുള്ള ടോൾ പുൾഔട്ട് യൂണിറ്റുകൾ തുടങ്ങിയ വിവിധ ആക്സസറികളും കമ്പനി നിർമ്മിക്കുന്നുണ്ട്. പരമ്പരാഗതമായി നിർമിക്കുന്ന അടുക്കളകളെ അപേക്ഷിച്ച് 5 മുതൽ 7 ദിവസത്തിനുള്ളിൽ ഗോദ്റേജ് അടുക്കളകളുടെ ഇൻസ്റ്റലേഷൻ പൂർത്തിയാക്കാനാകും. ഇന്ത്യയിലെ കിച്ചൻ, ഡൈനിംഗ് ഫർണിച്ചർ വിപണി 2026ൽ 251.32 മില്യൺ യുഎസ് ഡോളറിൽ എത്തുമെന്നാണ് കണക്കാക്കുന്നത്. 2030 വരെ 2.28 ശതമാനം സിഎജിആർ വളർച്ചയാണ് പ്രതീക്ഷിക്കുന്നതെങ്കിലും ഇതിലും കൂടുതൽ വേഗത്തിൽ വളരാനാണ് ഇന്റീരിയോ ലക്ഷ്യമിടുന്നത്. പുതിയ ഉൽപ്പന്നങ്ങളുടെ അവതരണം, 120 നഗരങ്ങളിലായുള്ള ഗോദ്റേജിന്റെ 250 കിച്ചൻ ഗാലറികൾ, മഹാരാഷ്ട്രയിലെ ഖലാപൂരിലെ ആധുനിക നിർമ്മാണശാല എന്നിവ ഈ വളർച്ചയ്ക്ക് പിന്തുണ നൽകുന്നു. പ്രതിദിനം 250 ആധുനിക അടുക്കളകൾ വരെ നിർമ്മിക്കാൻ ശേഷിയുള്ളതാണ് ഖലാപൂരിലെ പ്ലാന്റ്.

# അശോക് ലൈലാൻഡ് ലഖ്നൗവിൽ ഗ്രീൻഫീൽഡ് ഫാക്ടറി തുറന്നു

**ലഖ്നൗ:** ഹിന്ദുജ ഗ്രൂപ്പിന്റെ ഇന്ത്യൻ പതാകവാഹക കമ്പനിയും രാജ്യത്തെ പ്രമുഖ വാണിജ്യ വാഹന നിർമ്മാതാക്കളുമായ അശോക് ലൈലാൻഡ് തങ്ങളുടെ ഏറ്റവും പുതിയ ഇന്റഗ്രേറ്റഡ് കൊമേഴ്സ്യൽ വെഹിക്കിൾ പ്ലാന്റ് ഉത്തർപ്രദേശിലെ ലഖ്നൗവിൽ തുറന്നു. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, കേന്ദ്ര പ്രതിരോധ മന്ത്രി രാജ്നാഥ് സിങ്, കേന്ദ്ര വൻകിട വ്യവസായ, പൊതുമേഖലാ മന്ത്രി എച്ച്.ഡി. കുമാരസ്വാമി എന്നിവർ ചേർന്നാണ് പ്ലാന്റ് ഉദ്ഘാടനം ചെയ്തത്. ഉത്തർപ്രദേശ് സർക്കാരിലെ ഉപമുഖ്യമന്ത്രിമാർ, മുതിർന്ന മന്ത്രിമാർ, വിവിധ രാജ്യങ്ങളിലെ നയതന്ത്ര പ്രതിനിധികളും ഇന്ത്യയിലെയും വിദേശത്തെയും പ്രമുഖ വ്യവസായികളും വ്യാപാരികളും, മറ്റ് പങ്കാളികൾ എന്നിവർക്ക് പുറമെ ഹിന്ദുജ ഗ്രൂപ്പിലെയും അശോക് ലൈലാൻഡിലെയും ഉന്നത ഉദ്യോഗസ്ഥരും ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. ലഖ്നൗ വിമാനത്താവളത്തിന് സമീപമുള്ള സരോജിനി നഗർ ഇൻഡസ്ട്രിയൽ ഏരിയയിൽ 70 ഏക്കറിലായാണ് ഈ പുതിയ പ്ലാന്റ്. ലോകോത്തര നിലവാരത്തിലുള്ള ഗുണനിലവാരവും പ്രവർത്തന മികവും നൽകുന്ന അശോക് ലൈലാന്റ് ആഗോള തലത്തിൽ വെച്ച് ഏറ്റവും അത്യാധുനികവും സുസ്ഥിരവുമായ ഒന്നാണിത്. ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാണത്തിനായിരിക്കും പ്ലാന്റ് പ്രധാനമായും മുൻഗണന നൽകുന്നത്. പ്രതിവർഷം 5000 വാഹനങ്ങൾ വരെ നിർമ്മിക്കാൻ ശേഷിയുള്ള രീതിയിലാണ് പ്ലാന്റ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇവിടത്തെ ഭൂരിഭാഗം ജീവനക്കാരും ഉത്തർപ്രദേശിൽ നിന്നുള്ളവരാണ് കൂടാതെ ജീവനക്കാരിൽ ഗണ്യമായൊരു ശതമാനം സ്ത്രീകളാണ് എന്നതും ഈ പ്ലാന്റിന്റെ പ്രത്യേകതയാണ്. പുതിയ പ്ലാന്റിലൂടെ തങ്ങൾ ഭാവിക്കായി തയ്യാറെടുക്കുകയും, പുറന്തള്ളുന്ന മലിനീകരണം ഇല്ലാതാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തിലേക്ക് ഒരു ചുവട്കൂടി അടുക്കുകയാണെന്ന് അശോക് ലൈലാൻഡ് ചെയർമാൻ ധീരജ് ഹിന്ദുജ പറഞ്ഞു.






# സാംസങ് നൈപുണ്യ പരിശീലനം 10 സംസ്ഥാനങ്ങളിലേക്ക് വ്യാപിച്ചു

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ കൺസ്യൂമർ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ്, മദ്രാസ് സർവകലാശാലയുമായി ചേർന്ന് തമിഴ്നാട്ടിൽ സാംസങ് ഇന്നൊവേഷൻ ക്യാമ്പസ് (എസ്.ഐ.എസ്) ആരംഭിച്ചു. യുവജനങ്ങൾക്ക് ഭാവിയിലേക്കുള്ള സാങ്കേതിക കഴിവുകൾ നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. മദ്രാസ് സർവകലാശാലയിലെ മുതിർന്ന അക്കാദമിക് വിദഗ്ധർ, വിദ്യാർത്ഥി കാര്യ ഡീൻ ഡോ. പി. എസ്. മഞ്ജുള, രജിസ്ട്രാർ ഡോ. റീത്ത ജോൺ, വൈസ് ചാൻസലർ കൺവീനർ കമ്മിറ്റി അംഗം ഡോ. എസ്. ആംസ്ട്രോങ് എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ), ഇന്റർനെറ്റ് ഓഫ് തിങ്സ് (ഐഒടി), ബിഗ് ഡാറ്റ, കോഡിംഗ് എന്നിവയിൽ പരിശീലനം നൽകുന്ന ഈ പദ്ധതി നിലവിൽ ഇന്ത്യയിലെ 10 സംസ്ഥാനങ്ങളിലായി നടപ്പിലാക്കുന്നു. രാജ്യത്തുടനീളം 20,000 വിദ്യാർത്ഥികളെ പരിശീലിപ്പിക്കാനാണ് ലക്ഷ്യം. തമിഴ്നാട്ടിൽ മാത്രം ഈ വർഷം 5,000 വിദ്യാർത്ഥികൾക്ക് പരിശീലനം ലഭിക്കും. ആദ്യഘട്ടത്തിൽ മദ്രാസ് സർവകലാശാലയിലെ 500 വിദ്യാർത്ഥികൾക്കും. തുടർന്ന് അനുബന്ധ കോളേജുകളിലെ 1,500 വിദ്യാർത്ഥികൾക്കും പരിശീലനം നൽകും.2022ൽ ഇന്ത്യയിൽ ആരംഭിച്ച സാംസങ് ഇന്നൊവേഷൻ ക്യാമ്പസ് 2024 വരെ 6,500 വിദ്യാർത്ഥികളെ പരിശീലിപ്പിച്ചു. ആകെ 26,500 വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതായിരിക്കും. വനിതാ പങ്കാളിത്തം 44 ശതമാനമാണെന്നതും പദ്ധതിയുടെ പ്രത്യേകതയാണ്.സാങ്കേതിക പരിശീലനത്തിനൊപ്പം സോഫ്റ്റ് സ്കിൽസ് പരിശീലനവും തൊഴിൽ അവസരങ്ങൾക്കായുള്ള പിന്തുണയും നൽകുന്നതിലൂടെ യുവജനങ്ങളെ തൊഴിൽയോഗ്യമാക്കുകയാണ് സാംസങിന്റെ ലക്ഷ്യം.

# ചെറുകിട, സൂക്ഷ്മ ബിസിനസുകാർക്ക് ആക്സിസ് ഫിനാൻസിന്റെ വ്യാപാർ ബിസിനസ് ലോൺ

**കൊച്ചി:** ആക്സിസ് ഫിനാൻസ് സൂക്ഷ്മ, ചെറുകിട ബിസിനസുകൾക്ക് ഈടില്ലാതെ എളുപ്പത്തിൽ വായ്പ നൽകുന്ന ആക്സിസ് ഫിനാൻസ് വ്യാപാർ ബിസിനസ് ലോൺ അവതരിപ്പിച്ചു. റീട്ടെയിൽ, ട്രേഡിങ്, സേവന വിഭാഗങ്ങളിൽ പത്തു ലക്ഷം രൂപ വരെയുള്ള വായ്പകളാവും ഇതിൻ പ്രകാരം നൽകുക. കുറഞ്ഞ ഡോക്യുമെന്റേഷൻ, ലളിതമായ പ്രക്രിയകൾ, വേഗത്തിൽ ബുദ്ധിമുട്ടില്ലാത്ത വായ്പകൾ തുടങ്ങിയവയാണ് ഇതിന്റെ സവിശേഷതകളെന്ന് ആക്സിസ് ഫിനാൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ സായ് ഗിരിധർ ചൂണ്ടിക്കാട്ടി. വ്യാപാർ ബിസിനസ് ലോണിലൂടെ കൂടുതൽ വിപുലമായ മേഖലകളിലേക്ക് ഔപചാരിക വായ്പകൾ എത്തിക്കാനാണ് തങ്ങൾ ശ്രമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സഹായകമാകുന്ന വിധത്തിലെ ദിശ ഹോം ലോണുകൾ നടപ്പു സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ ആക്സിസ് ഫിനാൻസ് അവതരിപ്പിച്ചിരുന്നു.

# വുഡ്കട്ട് പ്രിന്റ് മേക്കിംഗ് ശിൽപ്പശാല സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി ബിനാലെ ഫൗണ്ടേഷന്റെ (കെ.ബി.എഫ്) നേതൃത്വത്തിൽ ബാസ്റ്റ്യൻ ബംഗ്ലാവിലെ എ.ബി.സി ആർട്ട് റൂമിൽ വുഡ്കട്ട് പ്രിന്റ് മേക്കിംഗ് ശിൽപ്പശാല സംഘടിപ്പിച്ചു. പ്രിന്റ് മേക്കിംഗ് എന്ന കലാരൂപത്തിന് ആവശ്യമായ ക്ഷമ, നൈപുണ്യം, പ്രയത്നം എന്നിവയെക്കുറിച്ച് കലാകാരൻ ജി. പ്രതാപൻ സംസാരിച്ചു. പെയിന്റിംഗിലും വുഡ്കട്ട് പ്രിന്റിംഗിലും വൈദഗ്ധ്യം നേടിയ പ്രതാപൻ തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജിലെ പൂർവ്വ വിദ്യാർത്ഥിയാണ്. വിവിധ കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും കലാകാരന്മാർക്ക് പുതിയ പരീക്ഷണങ്ങൾക്കും സർഗ്ഗാത്മക ചിന്തകൾക്കുമായി വേദിയൊരുക്കാനുമുള്ള ബിനാലെ ഫൗണ്ടേഷന്റെ ശ്രമങ്ങളുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്. വുഡ്കട്ട് പ്രിന്റിംഗിന്റെ സങ്കീർണ്ണതകളെയും സാധ്യതകളെയും അടുത്തറിയാൻ പങ്കെടുത്തവർക്ക് സാധിച്ചു. തടികൊണ്ടുള്ള ബ്ലോക്കിൽ ചിത്രം കൊത്തിയെടുത്ത് അതിൽ മഷി പുരട്ടി പേപ്പറിലേക്ക് പകർത്തുന്ന രീതിയാണ് വിദ്യാർത്ഥികൾ ശിൽപ്പശാലയിലൂടെ പഠിച്ചത്.

# പുതിയ ബ്രാൻഡ് ലോഗോ അവതരിപ്പിച്ച് ഫെഡറൽ ബാങ്ക്

Federal Bank

**കൊച്ചി:** രാജ്യത്തെ പ്രമുഖ സ്വകാര്യ ബാങ്കായ ഫെഡറൽ ബാങ്ക് പരിഷ്ക്കരിച്ച ലോഗോ അവതരിപ്പിച്ചു. മുംബൈയിൽ നടന്ന ചടങ്ങിൽ ബാങ്കിന്റെ ബ്രാൻഡ് അംബാസിഡർ വിദ്യാബാലനും മുതിർന്ന ഉദ്യോഗസ്ഥരും ചേർന്നാണ് പുതിയ ലോഗോ അവതരിപ്പിച്ചത്. നൂതനവും ആധുനികവുമായ ബാങ്കിങ് സേവനങ്ങൾ വിപുലീകരിക്കുന്നതിന്റെയും ബിസിനസ് വളർച്ച ഉറപ്പാക്കുന്നതിന്റെയും ഭാഗമായാണ് ലോഗോ പരിഷ്ക്കരിച്ചെതെന്ന് ബാങ്ക് അധികൃതർ വ്യക്തമാക്കി.

ആധികാരികത, അഭിവൃദ്ധി, കൂട്ടായ്മ എന്നിവ പ്രതിഫലിക്കുന്ന താരത്തിലാണ് 'ഫോർച്യൂണ വേവ്' എന്ന പേരിലുള്ള പുതിയ ലോഗോ രൂപകൽപന ചെയ്തിട്ടുള്ളത്. ക്യാപിറ്റൽ ലെറ്റർ ഉപയോഗിച്ചായിരുന്നു ബാങ്കിന്റെ പേര് ഇതുവരെ എഴുതിയിരുന്നതെങ്കിൽ പുതിയ ഡിസൈൻ പ്രകാരം എഫും ബിയും ഒഴികെയുള്ള അക്ഷരങ്ങൾ ഇംഗ്ലീഷിലെ സ്മാൾ ലെറ്ററിൽ ആകർഷണീയമായാണ് അവതരിപ്പിക്കുന്നത്. കൂടാതെ, ബാങ്കിന്റെ പേര് ഒരു ബോക്സിൽ എഴുതുന്ന രീതിയും ഒഴിവാക്കിയിട്ടുണ്ട്. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലും ശാഖകളിലും ഉൾപ്പെടെ വളരെ എളുപ്പത്തിൽ ഉപയോഗിക്കാവുന്ന രൂപത്തിലാണ് ലോഗോ പരിഷ്കരിച്ചിട്ടുള്ളത്. അടിസ്ഥാന തത്വങ്ങളിൽനിന്നും വ്യതിചലിക്കാതെ ഭാവിയിലെ വെല്ലുവിളികൾ ഏറ്റെടുക്കാൻ സജ്ജമാണെന്ന സന്ദേശം നൽകുന്നതോടൊപ്പം ഫെഡറൽ ബാങ്കിന് കൂടുതൽ ആധുനികവും ഊർജ്ജസ്വലവുമായ ഒരു മുഖം നൽകാനാണ് ലോഗോ പരിഷ്കരണത്തിലൂടെ ശ്രമിക്കുന്നതെന്ന് പ്രകാശന ചടങ്ങിൽ ഫെഡറൽ ബാങ്ക് എംഡിയും സിഇഒയുമായ കെ വി എസ് മണിയൻ അഭിപ്രായപ്പെട്ടു.

# സൈബർ തട്ടിപ്പുകൾ തടയാൻ സേഫ്റ്റി സെന്ററുമായി ആക്സിസ് ബാങ്ക്

**കൊച്ചി:** ആക്സിസ് ബാങ്കിന്റെ മൊബൈൽ ആപ്പായ ഓപ്പണിൽ തൽസമയ സുരക്ഷാ സംവിധാനങ്ങൾ ലഭ്യമാക്കുന്ന സേഫ്റ്റി സെന്റർ അവതരിപ്പിച്ചു. അനധികൃതമോ സംശയാസ്പദമോ ആയ പ്രവർത്തനങ്ങൾക്കെതിരെ കോൾ സെന്ററിൽ വിളിക്കുകയോ ബ്രാഞ്ച് സന്ദർശിക്കുകയോ ചെയ്യാതെ തന്നെ സുരക്ഷ പ്രദാനം ചെയ്യാനാവുന്ന ഉപഭോക്താവിനു നിയന്ത്രിക്കാനാവുന്ന സുരക്ഷാ സംവിധാനങ്ങളാണ് ഇതിലൂടെ ലഭ്യമാക്കുന്നതെന്ന് ആക്സിസ് ബാങ്ക് ഡിജിറ്റൽ ബിസിനസ്, ട്രാൻസ്ഫോർമേഷൻ ആന്റ് സ്ട്രാറ്റജിക് പ്രോഗ്രാംസ് വിഭാഗം ഗ്രൂപ്പ് എക്സിക്യൂട്ടീവ് സമീർ ഷെട്ടി പറഞ്ഞു.

ഉപഭോക്താക്കൾക്ക് തങ്ങളുടെ ഉപയോഗത്തിന്റെയും സൗകര്യത്തിന്റെയും അടിസ്ഥാനത്തിൽ സുരക്ഷാ സംവിധാനങ്ങൾ ക്രമീകരിക്കാൻ ഇതു വഴിയൊരുക്കും. ബാങ്കിങ് മേഖലയിൽ എസ്എംഎസിന്റെ ആധികാരികത വിശകലനം ചെയ്യാനുള്ള സൗകര്യം ഇതിലൂടെ ലഭ്യമാകും.

ആക്സിസ് ബാങ്കിന്റെ ഔദ്യോഗിക ഐഡിയിൽ നിന്നാണോ എസ്എംഎസ് എന്നതു പരിശോധിക്കാൻ ഇതിലൂടെ കഴിയും. ഇന്റർനെറ്റ് ബാങ്കിങ് ഓഫ് ചെയ്യുക, ഫണ്ട് കൈമാറ്റം തൽക്ഷണം നിർത്തി വെക്കുക, നെറ്റ് ബാങ്കിങ് വഴിയുള്ള ഷോപിങ് നിർത്തി വെക്കുക, യുപിഐ പേയ്മെന്റ് നിർത്തി വെക്കുക, പുതുതായി പേയ്മെന്റ് ഗുണഭോക്താക്കളെ കൂട്ടിച്ചേർക്കുന്നതു തടയുക, ഫണ്ട് കൈമാറ്റത്തിനു പരിധി നിശ്ചയിക്കുക തുടങ്ങിയവയെല്ലാം ഇതിലൂടെ ഉപഭോക്താക്കൾക്കു സ്വയം ചെയ്യാനാവും. ഡിജിറ്റൽ ആദ്യം എന്ന രീതിയിൽ മുന്നേറുന്ന ആക്സിസ് ബാങ്ക് ഉപഭോക്താക്കളുടെ സുരക്ഷയ്ക്കാണ് എന്നും മുൻഗണന നൽകുന്നതെന്ന് ആക്സിസ് ബാങ്ക് ഡിജിറ്റൽ ബിസിനസ്, ട്രാൻസ്ഫോർമേഷൻ ആന്റ് സ്ട്രാറ്റജിക് പ്രോഗ്രാംസ് വിഭാഗം ഗ്രൂപ്പ് എക്സിക്യൂട്ടീവ് സമീർ ഷെട്ടി പറഞ്ഞു. ഡിജിറ്റൽ തട്ടിപ്പുകൾ തടയുന്ന കാര്യത്തിൽ ഉപഭോക്താക്കൾക്ക് നടപടികൾ സ്വീകരിക്കാൻ സേഫ്റ്റി സെന്റർ വഴിയൊരുക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

# വിൽപ്പനയിൽ കുതിപ്പുമായി സ്കോഡ ഓട്ടോ ഇന്ത്യ

**കൊച്ചി:** ഇന്ത്യയിലെ 25ാം വർഷം ഏറ്റവും മികച്ച വളർച്ച് കാഴ്ചവെച്ച് സ്കോഡ ഓട്ടോ ഇന്ത്യ. 2025 കലണ്ടർ വർഷം 72665 കാറുകൾ വിറ്റഴിച്ച് വിൽപ്പനയിൽ മുൻവർഷത്തെ അപേക്ഷിച്ച് 107% വളർച്ചയാണ് കമ്പനി കാഴ്ച വെച്ചത്. 2024ൽ 35,166 കാറുകൾ വിറ്റഴിച്ച സ്ഥാനത്താണ് കമ്പനി ഈ വൻകുതിപ്പു നേടിയത്. കമ്പനിയുടെ കസ്റ്റർ ടച്ച്പോയന്റുകൾ 183 ഇടങ്ങളിലായി 325 എണ്ണമായതും പോയവർഷത്തെ ശ്രദ്ധേയ നേട്ടമാണ്. കൈലാഖ്, കോഡിയാക്, കുഷാഖ്, സ്ലാവിയ, ഒക്ടേവിയ ആർഎസ് എന്നീ മോഡലുകളെല്ലാം മികച്ച പ്രതികരണം നേടിയെന്ന് സ്കോഡ ഓട്ടോ ഇന്ത്യ ബ്രാൻഡ് ഡയറക്ടർ ആഷിഷ് ഗുപ്ത പറഞ്ഞു. മികച്ച മോഡൽ വൈവിധ്യവും വിതരണ, സേവനശൃംഖലകളുടെ വിപുലീകരണവുമാണ് ഉപയോക്തൃ പിന്തുണ നേടാൻ കാരണമായതെന്നും 2021 മുതൽ ഇതുവരെ തദ്ദേശീയമായി നിർമിച്ച 2 ലക്ഷം കാറുകൾ വിറ്റഴിച്ചുവെന്ന നാഴിക്കല്ലും 2025ൽ പിന്നിട്ടുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സ്കോഡാ ഓട്ടോ ഇന്ത്യയുടെ ആദ്യ ബ്രാൻഡ് സൂപ്പർസ്റ്റാറായി രൺവീർ സിംഗ് എത്തിയതും 2025ലാണ്. 2025ൽ സ്കോഡ നടപ്പാക്കിയ നെറ്റ് വർക്ക് റീബ്രാൻഡിംഗ്, കോർപ്പറേറ്റ് ഐഡന്റിറ്റിയുടെ നവീകരണം എന്നിവ പൂർണമായും നടപ്പാക്കിയ സ്കോഡയുടെ ആദ്യത്തെ വലിയ വിപണി ഇന്ത്യയായി എന്നതും ശ്രദ്ധേയമാണ്.

# ഷവോമി ഇന്ത്യ റെഡ്മി നോട്ട് 15 5ജിയും റെഡ്മി പാഡ് 2 പ്രൊയും അവതരിപ്പിച്ചു

**കൊച്ചി:** ഷവോമി ഇന്ത്യ റെഡ്മി നോട്ട് 15 5ജി സ്മാർട്ട്ഫോണും റെഡ്മി പാഡ് 2 പ്രൊ ടാബ്ലറ്റും ഇന്ത്യയിൽ അവതരിപ്പിച്ചു. പ്രകടനം, ദീർഘായുസ്, സമ്പൂർണ വിനോദാനുഭവം എന്നിവക്ക് മുൻഗണന നൽകുന്ന മിഡ്പ്രീമിയം ശ്രേണിയിലാണ് പുതിയ ഉൽപ്പന്നങ്ങൾ എത്തുന്നത്. റെഡ്മി നോട്ട് 15 5ജിയ്ക്ക് 108എംപി ഒഐഎസ് ക്യാമറ,സ്നാപ്ഡ്രാഗൺ 6 ജൻ 3 പ്രോസസർ, ഐപി66 റേറ്റിംഗ്, 5520 എംഎഎച്ച് ബാറ്ററി എന്നിവയാണ് പ്രധാന സവിശേഷതകൾ.

റെഡ്മി പാഡ് 2 പ്രൊയിൽ, സ്നാപ്ഡ്രാഗൺ 7എസ് ജൻ 4 ചിപ്സെറ്റ്, ഡോൾബി അറ്റമോസ് പിന്തുണയുള്ള ക്വാഡ് സ്പീക്കറുകൾ, 12000 എംഎച്ച് ബാറ്ററി എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇരു ഡിവൈസുകളും ഷാവോമി ഹൈപ്പർ ഒ എസ് 2ൽ പ്രവർത്തിക്കുന്നു. റെഡ്മി നോട്ട് 15 5ജി യുടെ വില 22,999 മുതലും റെഡ്മി പാഡ് 2 പ്രൊയുടെ വില 24,999 മുതലും ആരംഭിക്കുന്നു.

# മഹീന്ദ്ര മാനുലൈഫ് ഇന്നൊവേഷൻ ഓപ്പർച്ച്യുണിറ്റീസ് ഫണ്ട് ആരംഭിച്ചു

**കൊച്ചി:** മഹീന്ദ്ര ആൻഡ് മഹീന്ദ്ര ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ് (മഹീന്ദ്ര ഫിനാൻസ്), മാനുലൈവ് ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് (സിംഗപ്പൂർ) പ്രൈവറ്റ് ലിമിറ്റഡ് എന്നിവയുടെ സംയുക്ത സംരംഭമായ മഹീന്ദ്ര മാനുലൈഫ് മ്യൂചൽ ഫണ്ട് ദീർഘകാല വളർച്ചാ അവസരങ്ങൾ ലക്ഷ്യമിട്ടുള്ള ഓപ്പൺഎൻഡ് ഇക്വിറ്റി സ്കീമായ മഹീന്ദ്ര മാനുലൈഫ് ഇന്നൊവേഷൻ ഓപ്പർച്യുണിറ്റീസ് ഫണ്ട് ആരംഭിച്ചു. പുതിയ ഫണ്ട് ഓഫർ (എൻഎഫ്ഒ) ഈ മാസം 23ന് അവസാനിക്കും. ഫെബ്രുവരി രണ്ടു മുതൽ തുടർച്ചയായ വിൽപ്പനയ്ക്കും വാങ്ങലിനും വേണ്ടി ഈ സ്കീം വീണ്ടും തുറക്കുമെന്നും മഹീന്ദ്ര മാനുലൈഫ് ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡിന്റെ എംഡിയും സിഇഒയുമായ ആന്റണി ഹെരേഡിയ പറഞ്ഞു. കമ്പനികളുടെ ഇക്വിറ്റിയിലും ഇക്വിറ്റി സംബന്ധിയായ സെക്യൂരിറ്റികളിലും പ്രധാനമായും നിക്ഷേപിച്ചുകൊണ്ട് ദീർഘകാല മൂലധന മൂല്യം സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. കീർത്തി ദാൽവി (ഫണ്ട് മാനേജർ ഇക്വിറ്റി), രഞ്ജിത്ത് ശിവറാം രാധാകൃഷ്ണൻ (ഫണ്ട് മാനേജർ ആൻഡ് അനലിസ്റ്റ്) എന്നിവർ ചേർന്നായിരിക്കും ഈ ഫണ്ട് കൈകാര്യം ചെയ്യുന്നതെന്നും ആന്റണി ഹെരേഡിയ പറഞ്ഞു.

# 10 കോടി കെവൈസി നേടി സിഡിഎസ്എൽ വെഞ്ച്വേഴ്സ് ലിമിറ്റഡ്

**കൊച്ചി:** ഇന്ത്യയിലെ ആദ്യത്തേതും ഏറ്റവും വലുതുമായ കെവൈസി രജിസ്ട്രേഷൻ ഏജൻസിയായ സിവിഎൽ (സിഡിഎസ്എൽ വെഞ്ചേഴ്സ് ലിമിറ്റഡ്) 10 കോടി കെവൈസി റെക്കോർഡുകൾ എന്ന നാഴികക്കല്ല് കരസ്ഥമാക്കി. കെവൈസി മേഖലയിലെ സിവിഎല്ലിന്റെ നേതൃത്വം, പ്രവർത്തനങ്ങളുടെ വ്യാപ്തി, കാര്യക്ഷമത, വിശ്വാസ്യത എന്നിവ എടുത്തുകാണിക്കുന്നതാണ് ഈ നേട്ടം. ഇന്ത്യയുടെ സെക്യൂരിറ്റീസ് മാർക്കറ്റിന്റെ കെവൈസി ചട്ടക്കൂട് ശക്തിപ്പെടുത്തുന്നതിൽ സിവിഎൽ നിർണായക പങ്ക് വഹിക്കുന്നുണ്ട്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com